# Malayala Manorama
# 30 August 2018
# Kochi;Flood,School Open

## പ്രളയഭീതികൾക്കു വിട, വീണ്ടെടുക്കാം, പഠനകാലം

■ പാഠപുസ്തകം തുറക്കാതെ പുതിയ പാഠങ്ങളിലൂടെ

കൊച്ചി • പ്രളയത്തിൽ മുങ്ങിയ ഓണാവധിക്കു ശേഷം സ്കൂളുകൾ വീണ്ടും തുറന്നപ്പോൾ ദുരിത മേഖലകളിലെ വിദ്യാലയങ്ങളിലെല്ലാം പുസ്തക പാഠങ്ങൾക്കു പകരം ആത്മവിശ്വാസത്തിന്റെ പാഠങ്ങളായിരുന്നു ഇന്നലെ പഠിപ്പിച്ചത്. പാഠപുസ്തകവും നോട്ടുബുക്കുകളും അടക്കം നഷ്ടപ്പെട്ട് നിരാശയിലായ വിദ്യാർഥികൾക്ക് ആത്മവിശ്വാസവും നിശ്ചയദാർഢ്യവും നൽകാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കണമെന്നു പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവിറക്കിയിരുന്നു. സ്കൂൾ അസംബ്ലിയിൽ അധ്യാപകർ പകർന്നതും ഈ സന്ദേശമായിരുന്നു. ദുരന്ത മേഖലയിൽ ദുരിതാശ്വാസ ക്യാംപുകളായിരുന്ന ഏഴ് സ്കൂളുകൾ ഒഴികെ മറ്റുള്ളിടങ്ങളിലെല്ലാം ഇന്നലെ വീണ്ടും അധ്യയനത്തിനായി തുറന്നു. ഏഴു സ്കൂളുകൾ നാളെ തുറക്കും.

പ്രളയ മേഖലയിലെ സ്കൂളുകളിൽ കഴിഞ്ഞ ദിവസങ്ങളിൽ പിടിഎയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയാണ് ഇന്നലെ തുറന്നത്. ശുദ്ധജലം ഉറപ്പാക്കുന്നതാണ് പല സ്കൂളുകളിലും നേരിടുന്ന വെല്ലുവിളി. സ്കൂളുകളിലേക്ക് വെള്ളം എടുക്കുന്ന കിണറുകളും ജലസംഭരണികളും ഉൾപ്പെടെ ബ്ലീച്ചിങ് പൗഡറിട്ട് വൃത്തിയാക്കിയെങ്കിലും ആശങ്ക ബാക്കിയാണ്. പല സ്കൂളുകളിലെയും പഴയ കെട്ടിടങ്ങൾക്ക് എത്രത്തോളം ബലക്ഷയം സംഭവിച്ചിട്ടുണ്ടെന്ന ആശങ്കയുമുണ്ട്. ഉച്ചഭക്ഷണത്തിനായി കരുതിയ ധാന്യങ്ങളും മറ്റു ഭക്ഷ്യവസ്തുക്കളും വെള്ളം കയറി നശിച്ചിട്ടുണ്ട്. പാഠപുസ്തകങ്ങളും യൂണിഫോമും നഷ്ടപ്പെട്ട കുട്ടികളുടെ കണക്കെടുപ്പും ആരംഭിച്ചിട്ടുണ്ട്. 31ന് മുൻപ് കുട്ടികൾ ഇതു സ്കൂളുകളിൽ റിപ്പോർട്ട് ചെയ്യണം. ക്യാംപുകൾ പ്രവർത്തിക്കുന്നതു മൂലം ഇന്നലെ തുറക്കാനാവാത്ത സ്കൂളുകൾ തുറന്ന് മൂന്നു ദിവസത്തിനുള്ളിൽ ഈ കണക്കെടുപ്പ് പൂർത്തിയാക്കിയാൽ മതിയെന്നാണു വകുപ്പ് നിർദേശം.



വരാപ്പുഴ മുട്ടിനകം സെന്റ് മേരീസ് എൽപി സ്കൂളിൽ എത്തിയ കുട്ടികൾ നനഞ്ഞു കുതിർന്ന രേഖകൾ കൂട്ടി വച്ചിരിക്കുന്നതിനിടയിൽ.